നിഷേധിച്ചിരിക്കുകയാണ്. അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കുകയും പി. എ. സി. യോട് ഏതെങ്കിലും തരത്തിൽ ബഹുമാനക്കുറവ് കാണിക്കാൻ ഉദ്ദേശമില്ലെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രൊസീഡു ചെയ്യേണ്ടായെന്നാണ് തോന്നുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ : മന്ത്രി നിഷേധിച്ചു.

മി. സ്പീക്കർ : സാധാരണ പ്രിവിലേജ് തരുന്നത് സഭ തുടങ്ങുന്നതിന് മുൻപാണ്. അങ്ങയുടെ പ്രിവിലേജ് ടെക്നിക്കലായിട്ട് ശരിയല്ല.

IV 113-ാം ചട്ടപ്രകാരമുള്ള ഹർജി സമർപ്പിക്കൽ

കൊല്ലം ജില്ലയിലെ കശുവണ്ടിത്തൊഴിലാളികളിൽ നിന്നുള്ള ഒരു ഹർജി

ശ്രീ. ആർ. എസ്. ഉണ്ണി : സർ, കൊല്ലം ജില്ലയിലുള്ള കശുവണ്ടി തൊഴിലാളികളായ ശ്രീമതി അസുമാബീവി, ജയദേവി മുതൽ പേരിൽ നിന്നു ലഭിച്ച ഒരു ഹർജി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 113-ാം വകുപ്പു പ്രകാരം ഞാൻ സമർപ്പിക്കുന്നു.

V മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 302/85/ഫിൻ (എസ്. ആർ. ഒ. നമ്പർ 775/85)

(2) 1985 മേയ് 24-ാം തീയതിയിലെ ജി. ഒ. (പി) 303/85/ഫിൻ (എസ്. ആർ. ഒ. നമ്പർ 776/85)

VI റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. എം. വി. മാണി : സർ, സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VII അവകാശലംഘന പ്രശ്നങ്ങൾ

(1) തൊഴിൽ വകുപ്പുമന്ത്രിക്കെതിരായ അവകാശ ലംഘന പ്രശ്നങ്ങൾ

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ : സർ, നിയമസഭാചട്ടം 155-ാം വകുപ്പനുസരിച്ച് തൊഴിൽവകുപ്പ് മന്ത്രിക്കെതിരായി ഒരവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ഞാൻ നോട്ടീസ് നൽകിയിരുന്നു. അതിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അത് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly